# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 792 — 04.03.2020-ൽ മറുപടിയ്ക്ക്.

## പത്തനംതിട്ട ജില്ലയിലെ ക്ഷീര മേഖലയിൽ പ്രളയം സൃഷ്ടിച്ച ആഘാതം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി.വീണാ ജോർജ്ജ്** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) പത്തനംതിട്ട ജില്ലയിലെ പാലുൽപ്പാദന മേഖലയിൽ പ്രളയം സൃഷ്ടിച്ച ആഘാതം എത്രയാണെന്ന് വെളിപ്പെടുത്തുമോ; | (എ) 2019 ജൂലൈയിൽ പത്തനംതിട്ട ജില്ലയിൽ ക്ഷീരസംഘങ്ങളിൽ കൂടിയുള്ള പ്രതിദിന പാൽസംഭരണം 49443 ലിറ്ററായിരുന്നത് 2019 ആഗസ്റ്റ് മാസത്തിൽ പ്രളയംമൂലം 41004 ലിറ്ററായി കുറഞ്ഞു. ജില്ലയിൽ നടത്തിയ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി തീറ്റപ്പുല്ല്, വൈക്കോൽ, കാലിത്തീറ്റ, മിനറൽ മിക്സ്ച്ചർ തുടങ്ങിയവ ദുരിതബാധിത ബ്ലോക്കുകളിൽ നൽകുകയുണ്ടായി. ഇവയുടെ ഫലമായി 2019 ഒക്ടോബർ മാസത്തോടെ പ്രതിദിന പാൽ സംഭരണം 50109 ലിറ്ററായി വർദ്ധിപ്പിക്കുവാൻ സാധിച്ചു. |
| (ബി) പ്രളയത്തെ തുടർന്ന് പത്തനംതിട്ട ജില്ലയിലെ ക്ഷീര മേഖലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങളും അതുവഴി കൈവരിക്കാനായ നേട്ടങ്ങളും വിശദമാക്കുമോ? | (ബി) ജില്ലയിൽ ക്ഷീരമേഖലയിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥരുടേയും ക്ഷീരസംഘങ്ങളുടേയും സഹകരണത്തോടെ നടത്തുകയുണ്ടായി. പ്രളയം കൂടുതൽ ബാധിച്ചത് ജില്ലയിലെ പുളിക്കീഴ്, പന്തളം, കോയിപ്രം, റാന്നി, മല്ലപ്പള്ളി ബ്ലോക്കുകളിലാണ്. ടി ബ്ലോക്കുകളിലേക്കായി വകുപ്പിന്റെ സഹകരണത്തോടെ 15 ടൺ പച്ചപ്പുല്ലും 107 ടൺ വൈക്കോലും വിതരണം ചെയ്തു. വകുപ്പിൽ നിന്ന് 120 ബാഗ് കാലിത്തീറ്റ പുളിക്കീഴ് ബ്ലോക്കിൽ വിതരണം നടത്തി. വകുപ്പിന്റെ ധനസഹായത്തോടെ 490 Kg Total Mixed Ration ഉം വിതരണം ചെയ്യുകയുണ്ടായി. പത്തനംതിട്ട ജില്ലാ ഡയറി ഫാർമേഴ്സ് ഫ്ലഡ് റിലീഫ് ഫണ്ട് ഉപയോഗിച്ച് 1500 Kg ധാതു ലവണ മിശ്രിതം ജില്ലയിലെ പ്രളയ ബാധിത പ്രദേശങ്ങളിൽ വിതരണം ചെയ്തു.<br>പറക്കോട് ബ്ലോക്കിലെ ക്ഷീരസംഘങ്ങൾ സംഭാവനയായി നൽകിയ 2200 Kg കാലിത്തീറ്റയും 50 Kg മിനറൽ മിക്സ്ച്ചറും പന്തളം കോയിപ്രം ബ്ലോക്കുകളിലായി വിതരണം നടത്തി. |

നെട്ടുകാൽത്തേരി തുറന്ന ജയിലിൽ നിന്ന് എത്തിച്ച 4 ടൺ തീറ്റപ്പുല്ല് പുളിക്കീഴ് ബ്ലോക്കിലെ അപ്പർ കുട്ടനാടൻ കർഷകർക്ക് നൽകി.

അടിയന്തിര ഘട്ടത്തിൽ നൽകിയ മേൽപ്പറഞ്ഞ സഹായങ്ങൾ കർഷകർക്ക് ഏറെ പ്രയോജനം ചെയ്തു. പാലുല്പാദനത്തിലെ കുറവ് ഏറെക്കുറെ പരിഹരിക്കാനായി.

വകുപ്പിന്റെ പദ്ധതിയിലുൾപ്പെടുത്തി പ്രളയാനന്തര പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി ജില്ലയ്ക്ക് അനുവദിച്ച ഒരു കോടി അറുപത്തി നാല് ലക്ഷം രൂപ ഉപയോഗിച്ച് 67 ഗോദാനം യൂണിറ്റുകളും, 35 രണ്ട് പശു യൂണിറ്റുകളും, 4 അഞ്ച് പശു യൂണിറ്റുകളും, 7 ഒരു പശു + ഒരു കിടാരി – കോമ്പോസിറ്റ് ഡയറി യൂണിറ്റുകളും, 6 മൂന്ന് പശു + 2 കിടാരി -കോമ്പോസിറ്റ് ഡയറി യൂണിറ്റുകളും, 53 യൂണിറ്റ് അവശ്യാധിഷ്ഠിത ധന സഹായങ്ങളും, 34 യൂണിറ്റ് കാലിത്തൊഴുത്ത് നിർമ്മാണ ധസഹായങ്ങളും 2000 Kg ധാതുലവണ മിശ്രിതവും 48 പേർക്ക് കണ്ടിജൻസി ധന സഹായവും നൽകി വരുന്നു. കൂടാതെ പ്രളയത്തിൽ നാശം സംഭവിച്ച ഡയറി ഫാമുകളുടെ പുനരുദ്ധാരണത്തിനായി 22 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. ഈ പദ്ധതികൾ വഴി കുറഞ്ഞത് 275 ക്ഷീരകർഷക കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്നതാണ്. പ്രതിദിനം 1200 ലിറ്റർ പാലിന്റെ വർദ്ധനവും പ്രതീക്ഷിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**